# ചെറുകിട വൈദ്യുത പദ്ധതികൾ: സർക്കാർ നീക്കം ആശങ്കാജനകം

സ്വന്തം ലേഖകൻ


വൈദ്യുതിപ്രതിസന്ധിക്ക് പരിഹാരം ചെറുകിട പദ്ധതികൾ എന്ന വാദത്തിന്റെ മറ പിടിച്ച് നമ്മുടെ നിബിഡവനങ്ങളിലെ മരങ്ങളും വെള്ളവും സ്വകാര്യ വിദേശക്കുത്തകകൾക്ക് അടിയറ വെക്കാൻ അണിയറ നീക്കം. കേരളത്തിന്റെ കിഴക്കൻ മലയോരത്ത് 150 ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയിൽ നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ജനവരിയിൽ ഇവയുടെ ടെന്റർ പ്രവർത്തനങ്ങൾ നടത്താവുന്ന വിധം അന്തിമറിപ്പോർട്ട് തയ്യാറാക്കാൻ വിദഗ്ധസമിതിയോടാവശ്യപ്പെട്ടിരിക്കുകയാണ്.

മുൻ ചീഫ് സെക്രട്ടറി കൃഷ്ണമൂർത്തി ചെയർമാനായ സെക്രട്ടറിതല സമിതിയുടെ നിർദ്ദേശമാണ് മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 60 പദ്ധതികളാണ് ആരംഭിക്കുന്നത്. പദ്ധതികൾ നിർമ്മിച്ച ഉടമസ്ഥതയനുസരിച്ച് പ്രവർത്തിപ്പിച്ച് പിന്നീട് കൈമാറുക എന്ന ബി ഒ ടി അടിസ്ഥാനത്തിലാണ് ഈ പദ്ധതികൾ. മുപ്പതു വർഷത്തേക്കാണ് കരാർ.

പേരിൽ മിനി-മൈക്രോയെന്നാണെങ്കിലും ഇവയും അണക്കെട്ടു കെട്ടി 3 മെഗാവാട്ട് വരെ ഉല്പാദിപ്പിക്കുന്നവയാണ്. ചെറുകിട പദ്ധതികൾക്ക് കേന്ദ്രാനുമതി വേണ്ട, ക്യാച്ച്മെന്റ് ഏരിയ 25 ഏക്കർ വരെയുള്ളവയ്ക്ക് പരിസ്ഥിതിവകുപ്പിന്റെ പിന്തുണ വേണ്ട തുടങ്ങിയ പഴുതുകൾ ഉപയോഗിച്ചാണ് പദ്ധതികൾ ആരംഭിക്കുന്നത്. എന്നാൽ മൂന്നും നാലും മെഗാവാട്ട് ശേഷിയുള്ളവയൊന്നും മൈക്രോ നിലയങ്ങളല്ല. എല്ലാ വൈദ്യുതിയും ഗ്രിഡിലേക്ക് വിട്ട് കേന്ദ്രീകരണ നിയന്ത്രണസംവിധാനം വേണമെന്ന് തീരുമാനിക്കുന്നിടത്ത് തുടങ്ങുന്ന പ്രശ്നങ്ങൾ. ഉപഭോഗരംഗത്തെ നിയന്ത്രണങ്ങൾ ഒരു വിധത്തിലും ചർച്ച ചെയ്യപ്പെടുന്നതേയില്ല. പതിനഞ്ചും ഇരുപത്തഞ്ചും കോടിയിലധികമാവും ഇവയുടെ മൂലധനം. ഇതിന് സ്വകാര്യകുത്തകകൾ തന്നെ വേണം. ലളിതമായ സാങ്കേതികവിദ്യകളുപയോഗിച്ച്, അണക്കെട്ടുകൾ തന്നെ ആവശ്യമില്ലാതെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന കേരളത്തിൽ നിലവിലുള്ള മാതൃകയല്ല ഇവ. (ബോക്സ് കാണുക)

## ഇവ മാതൃകകൾ

തീർത്തും വികേന്ദ്രീകൃതവും വളരെ കുറഞ്ഞ അളവിലും അണക്കെട്ടുകൾ തന്നെ ആവശ്യമില്ലാത്തതുമായ പദ്ധതികൾ എങ്ങനെ വൈദ്യുതിയുൽപ്പാദിപ്പിക്കുന്നവയാക്കാമെന്ന് കേരളത്തിലെ ആലക്കോടും മാലൂരും ചപ്പാരപ്പടവും തെളിയിച്ചിട്ടുണ്ട്. ഒരു വിദേശസാങ്കേതിക വിദ്യയും വേണ്ട. തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ തദ്ദേശീയസമൂഹങ്ങളാണിത് നടപ്പാക്കിയത്. ഒരു കിലോ വാട്ടിന് 40,000 രൂപയിൽത്താഴെ ചെലവിൽ ഇത്തരം നിലയങ്ങൾ നിർമ്മിക്കാം. ഇന്നുള്ള ജലവൈദ്യുത പദ്ധതികളും ഇത്തരം മൈക്രോനിലയങ്ങളും ചേർന്ന് കേരളത്തിന് ആറുമാസത്തിലധികം കാലത്തേക്കാവശ്യമായ മുഴുവൻ വൈദ്യുതിയും ഉൽപ്പാദിപ്പിക്കാമെന്ന് ഉറപ്പിച്ച് പറയാനാവും. നേരെമറിച്ച് വീണ്ടും (വൻകിട!) മിനിനിലയങ്ങളാണുണ്ടാക്കുന്നതെങ്കിൽ അതിന് കേരളം നൽകുന്ന വില വളരെ വലുതായിരിക്കും.



❑ ഇനിയും മാതൃക ഇവ തന്നെയോ?

ബി.ഒ.ടി മാതൃകയിൽ നിർമ്മിക്കുന്ന ഇവ 30 വർഷം കഴിഞ്ഞ് സർക്കാറിന് തിരിച്ചുനൽകുമെന്ന് പറയുന്നതിലെ പൊള്ളത്തരം തിരിച്ചറിയേണ്ടതുണ്ട്. അന്ന് കാടും വെള്ളവും നാമാവശേഷമായിക്കഴിഞ്ഞിരിക്കും. യന്ത്രങ്ങളാകട്ടെ ഉപയോഗശൂന്യമായി മാറിയിരിക്കും. അതേസമയം ബി.ഒ.ടി അടിസ്ഥാനത്തിലായതിനാൽ കൈമാറുന്നതുവരെ എല്ലാ വർഷവും വൈദ്യുതി വില കൂട്ടാനാകും. നാണയപ്പെരുപ്പ നിരക്ക് കൂട്ടുന്നതിനനുസരിച്ച് നിരക്ക് വർദ്ധിപ്പിക്കാമെന്ന് കരാറിലുണ്ടാകുമത്രേ. അടുത്ത വർഷം മുതൽ നിരക്ക് നിശ്ചയിക്കുന്നത് സ്വതന്ത്ര റെഗുലേറ്ററി കമ്മീഷനാകുന്നതോടെ സർക്കാറിന്റെ നിയന്ത്രണം പൂർണ്ണമായും നഷ്ടമാകുകയും ചെയ്യും.